18082
14/6/17

**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - ഷൊർണ്ണൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ .പി.കെ.ശശി എംഎൽഎ -യുടെ ആസ്തിവികസന പദ്ധതി- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 1806/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 31.05.2017.

---

പരാമർശം - (1) 11.06.2012-ലെ സ.ഉ.(പി) നം.332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.

(2) ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ശ്രീ .പി.കെ.ശശി എംഎൽഎ നൽകിയ 17.12.2016 തീയതിയിലെ കത്ത്.

(3) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 15.03.2017-ലെ ഡിബി4-3215/17/സിഇ/തസ്വഭവ (3) നമ്പർ കത്ത്.

**ഉത്തരവ്**

ഷൊർണ്ണൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.പി.കെ.ശശി എംഎൽഎ., "എം.കെ.നഗർ - പി.വി.ജെ.ബി. സ്കൂൾ റോഡ് (ഷൊർണ്ണൂർ നഗരസഭ)" എന്ന പ്രവൃത്തിക്ക് അസംബ്ലിനിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. പരാമർശം 3 പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഷൊർണൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.പി.കെ.ശശി എം.എൽ.എ.യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും "Project ID : 1951 , ഷൊർണൂർ നഗരസഭയിൽ എം.കെ.നഗർ - പി.വി.ജെ.ബി. റോഡ് ഫോർമേഷൻ, കൾവർട്ട് , റോഡ് കോൺക്രീറ്റിംഗ്" എന്ന പ്രവൃത്തിക്ക്, വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും സൂചന 1-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളും പാലിച്ചുകൊണ്ട് എസ്റ്റിമേറ്റ് തുകയായ 25 ലക്ഷം രൂപ ചെലവിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെന്ന നിബന്ധനയോടും കൂടി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

4. ആയതു സംബന്ധിച്ച ചെലവ് '4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ.എ.സി-എ.ഡി.എസ്'എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ.ജോസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

ശ്രീ .പി.കെ.ശശി എംഎൽഎ, ഷൊർണ്ണൂർ നിയോജകമണ്ഡലം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, ഷൊർണ്ണൂർ നഗരസഭ.
ധനകാര്യ വകുപ്പ് (:774/ എൻ.സി.സി .2/2016/ ധന).
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.